നം. H3/16443/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 26..10..2017
Email : swdkerala@gmail.com
Phone: 0471-2306040

സാമൂഹ്യനീതി ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

സർ,

വിഷയം :സാമൂഹ്യനീതി വകുപ്പ് - വിദ്യാകിരണം പദ്ധതി - അപേക്ഷകൾ പരിഗണിക്കുന്നത് - സംബന്ധിച്ച്.

സൂചന :1) 11/7/17 ലെ തീയതിയിലെ ഇതേ നമ്പർ സർക്കുലർ.
:2) മലപ്പുറം ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 28/9/17 തീയതിയിലെ ബി.495/12 നമ്പർ കത്ത്.

സൂചന (1) ലേക്ക് ശ്രദ്ധക്ഷണിക്കുന്നു. അംഗപരിമിതരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന വിദ്യാകിരണം പദ്ധതിയിലേക്ക് അർഹരായവരിൽ നിന്നും അപേക്ഷകൾ ലഭ്യമാക്കുന്നതിന് സൂചന (1) പ്രകാരം നിർദ്ദേശിച്ചിരുന്നു. നാല് വിഭാഗങ്ങൾക്കായി ധനസഹായം നൽകുന്ന ടി പദ്ധതിയിലേക്ക് ഓരോ വിഭാഗത്തിലേക്കും 25 അപേക്ഷകൾ വീതം സ്വീകരിക്കുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്.

മലപ്പുറം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് ലഭിച്ച അപേക്ഷകൾ സൂചന (2) പ്രകാരം ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ ഓരോ വിഭാഗത്തിലും 25 -ൽ കൂടുതൽ (ഡിഗ്രിതലം ഒഴികെ) അപേക്ഷകൾ ഉള്ളതായി കാണുന്നു. പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കുന്ന ടി പദ്ധതി ഓരോ വിഭാഗത്തിലും 25 പേർക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതുണ്ട്. ടി സാഹചര്യത്തിൽ ചുവടെ ചേർത്തിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ലഭ്യമാക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി, ഓരോ വിഭാഗത്തിലും പരമാവധി 25 പേരെ മാത്രം ഉൾപ്പെടുത്തി പട്ടിക സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നു. മലപ്പുറം ജില്ലാ സാമൂഹ്യനീതി ഓഫീസർ സമർപ്പിച്ച സൂചന (2) പ്രകാരമുള്ള പട്ടിക ഇതോടൊപ്പം മടക്കി അയക്കുന്നു.

1) വൈകല്യ ശതമാനം - കൂടുതൽ വൈകല്യമുള്ളവർക്ക് മുൻഗണന.
2) മുൻ വർഷത്തെ പഠന നിലവാരം
3) സർക്കാർ / എയ്ഡഡ് സ്കൂൾ പഠനം - സർക്കാർ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് കൂടുതൽ മുൻഗണന.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

*NA / 2017*